# *ഇന്നാളും എന്നാളും!*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* ***D.Sc.,Ph.D.****)*

ബഹുഭീമ പരീക്ഷണശാലയിൽ
അതിസങ്കീർണ്ണ പാനപാത്രത്തിൽ
പുല്ലിംഗപ്പൊലിമത്തുടുപ്പിൽ
പ്രപഞ്ചവിസ്തൃതി വിസ്മയിക്കും
ഹൃത്തുടിപ്പിൻ കഥ സൃഷ്ടിക്കും:

പരിക്ഷീണിത ചിന്നച്ചെറുകിളിയെ
പരിരക്ഷണ മന്ത്രമോതിയൂട്ടിയും
താരാട്ടി,ലതിസംഗതീശ്ശീലുമൂളിയും
കൊച്ചുവാക്കിൽ മഹാവാക്യമൂറിയും
കുഞ്ഞുടു,പ്പിസ്തിരിച്ചൂടിൽ മിനുക്കിയും
കുട്ടിക്കുറു,മ്പീർക്കിലിയിൽ വടിച്ചും
കുസൃതിക്കവനം ഗാഥയിൽ പരിഭാഷിച്ചും
കണ്ണീരുപ്പിൽ ഉപദംശരസം നിറച്ചും
മുറ്റത്തെ കൽശേഖരക്കീശയൊഴുപ്പിച്ചും
തലവളരാൻ, അരിക്കല്ലും തലച്ചേറും
നുള്ളിപ്പെറുക്കി തന്മയയെണ്ണ തേപ്പിച്ചും
നാഴികക്കല്ലു നടപ്പാതയിൽ വിരിച്ചും
സാരസ്വതലക്ഷ്മി,യൊന്നായ്ച്ചമയുവാൻ
സഹസ്രനാമധ്വനി കൊന്തയിലുരുട്ടിയും
സഹായഹസ്ത നിത്യസഹായമാതൃത്വം
അടുക്കളയരങ്ങാക്കി അടുപ്പിൻപ്പുകയിൽ
പിടികിട്ടാ രസതന്ത്രസംയുക്തമൂറ്റി
വിയർപ്പുചൂരി,ന്നുറുപ്പികവെള്ളിനീട്ടും
താതനെ തന്നിൽച്ചേർത്തു നന്ദികാട്ടിയും
ഉത്തുംഗ സ്നേഹവചസ്സാം സ്വരാവലി
ഊർദ്ധ്വശ്വാസകോശംവരെ നിറച്ചും
പന്തിയിലിരിക്കാതെ വിളമ്പൽസൗഖ്യം
സാന്ത്വന വിളംബിതത്താള സശബ്ദമാക്കും

**നിത്യഹരിത നിബിഡ നിതാന്ത ശൈശവം**
**അഷ്ടദിക്കും സംപ്രേക്ഷണ രശ്മിയാക്കും**
**സ്മരണ തിളങ്ങും ആളും നാളും**
**സ്മരണികയിൽ ഇന്നാളു,മെന്നാളും!**
**************************************************